നം. കൈറ്റ്/2025/1629 (5) തീയതി : 25.06.2025

## സർക്കുലർ

**വിഷയം:- കൈറ്റ് - സ്കൂളുകൾക്ക് വിതരണം ചെയ്ത ഐ.ടി അനുബന്ധ ഉപകരണങ്ങളുടെ കേടുപാടുകൾ പരിഹരിച്ച് പ്രവർത്തനക്ഷമത ഉറപ്പുവരുത്തുന്നത് സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- 1. ഈ ഓഫീസിലെ 28.02.2025 ലെ കൈറ്റ്/2025/1629 (3) നമ്പർ സർക്കുലർ
2. ഈ ഓഫീസിലെ 28.01.2025 ലെ കൈറ്റ്/2025/1671 (3) നമ്പർ സർക്കുലർ
3. ഈ ഓഫീസിലെ 10.01.2025 ലെ കൈറ്റ്/2025/1707-1(2) നമ്പർ സർക്കുലർ

സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പിലാക്കിയ ഹൈടെക് സ്കൂൾ, ഹൈടെക് ലാബ്, വിദ്യാകിരണം പദ്ധതികൾ പ്രകാരം സർക്കാർ, എയ്ഡഡ് പ്രൈമറി സ്കൂൾ, ഹൈസ്കൂൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകൾക്ക് കൈറ്റ് വിതരണം ചെയ്ത ലാപ്ടോപ്പ്, പ്രൊജക്ടർ, ഡി.എസ്.എൽ.ആർ ക്യാമറ, എൽ.ഇ.ഡി.ടി.വി, പ്രിന്റർ തുടങ്ങിയ ഉപകരണങ്ങൾക്ക് ആകസ്മികമായ ബാഹ്യക്ഷതത്തിന് (ബോധപൂർവ്വമല്ലാത്ത ഫിസിക്കൽ ഡാമേജ് ഉൾപ്പെടെ) ഇൻഷുറൻസ്, AMC തുടങ്ങിയ സൗകര്യങ്ങൾ നിലവിലുണ്ട്. സ്കൂളുകൾക്ക് നൽകിയ ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത ഉറപ്പാക്കാനാണ് കൈറ്റ് ഇൻഷുറൻസ്, AMC സംവിധാനങ്ങൾ ഒരുക്കിയിട്ടുള്ളത്. പ്രസ്തുത സംവിധാനങ്ങൾ ഫലപ്രദമായി സ്കൂളുകൾ പ്രയോജനപ്പെടുത്തേണ്ടതാണ്. അതിനായി താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. ഇൻഷുറൻസ് പരിരക്ഷയുള്ള ഉപകരണങ്ങൾ നഷ്ടപ്പെടുകയോ കേടുപാടുകൾ സംഭവിക്കുകയോ ചെയ്താൽ അവ ഉടൻതന്നെ തിരികെ ലഭ്യമാക്കുന്നതിന്/ പ്രവർത്തനക്ഷമമാക്കുന്നതിന് പ്രഥമാധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതും നടപടി സ്വീകരിക്കേണ്ടതുമാണ്.

2. നിലവിൽ ഫിസിക്കൽ ഡാമേജ് സംഭവിച്ചിട്ടുള്ള ലാപ്ടോപ്പ്, പ്രൊജക്ടർ എന്നിവ AMC ൽ ഉൾപ്പെടാത്തതിനാൽ അവ ഇൻഷുറൻസ് സംവിധാനം പ്രയോജനപ്പെടുത്തിക്കൊണ്ട് പ്രവർത്തനക്ഷമമാക്കാവുന്നതാണ്. അതിനായി ഫിസിക്കൽ ഡാമേജ് സംഭവിച്ച ലാപ്ടോപ്പ്/ പ്രൊജക്ടർ എന്നിവയുൾപ്പെടെയുള്ള ഐടി ഉപകരണങ്ങളുടെ Insurance claim form ഉം (kite.kerala.gov.in എന്ന വെബ് സൈറ്റിൽ notification -ൽ നിന്നും INSURANCE COVERAGE CLAIM FORM - ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച്) ഉപകരണവും സ്കൂളുകൾ കൈറ്റിന്റെ ജില്ലാ ഓഫീസിൽ നൽകേണ്ടതാണ്.

3. സ്കൂളുകളിൽ നിന്ന് ശേഖരിക്കുന്ന ഫിസിക്കൽ ഡാമേജ് ആയ ഉപകരണങ്ങളുടെ കേട്പാട് പരിഹരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് കൈറ്റ് നിർദ്ദേശിച്ചിട്ടുള്ള സർവീസ് പ്രൊവൈഡറിൽ നിന്ന് ജില്ലാ ഓഫീസിലെ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ ഉത്തരവാദിത്വത്തിൽ ശേഖരിക്കേണ്ടതാണ്.

4. കേടുപാടുകൾ പരിഹരിക്കാനുള്ള ഉപകരണങ്ങൾ കൈറ്റ് ജില്ലാ ഓഫീസിൽ നൽകുമ്പോഴും തിരികെ സ്കൂളുകൾക്ക് ലഭിക്കുമ്പോഴും സ്റ്റോക്ക് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ ഉൾപ്പെടുത്തേണ്ടതാണ്

5. ഫിസിക്കൽ ഡാമേജ് സംഭവിച്ച ഉപകരണങ്ങളുടെ ക്ലെയിംഫോം, എസ്റ്റിമേറ്റ് എന്നിവ ജില്ലാ കോ-ഓർഡിനേറ്റർ ഇൻഷ്വറൻസ് കമ്പനിക്ക് നൽകേണ്ടതും രേഖകളുടെ പകർപ്പ് ജില്ലാ ഓഫീസിൽ സൂക്ഷിക്കേണ്ടതുമാണ്.

6. ജില്ലാ ഓഫീസിൽ ശേഖരിക്കുന്ന ഫിസിക്കൽ ഡാമേജ് ആയ ഉപകരണങ്ങളുടെ കേടുപാടുകൾ പരിഹരിച്ച് എത്രയും പെട്ടെന്ന് സ്കൂളുകൾക്ക് ലഭ്യമാക്കുന്നതിന് ടെക്നിക്കൽ അസിസ്റ്റന്റുമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതും ജില്ലാ കോ-ഓർഡിനേറ്റർഅത് ഉറപ്പുവരുത്തേണ്ടതാണ്.

കെ.അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

കൈറ്റിലെ എല്ലാ ജില്ലാകോർഡിനേറ്റർമാർക്കും
ഹൈടെക് പദ്ധതിയിലുള്ള എല്ലാ സർക്കാർ, എയ്ഡഡ് പ്രൈമറി സ്കൂൾ, ഹൈസ്കൂൾ, ഹയർസെക്കൻഡറി/വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ പ്രഥമാധ്യാപകർക്കും
(ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:

എല്ലാ എച്ച്.എസ്.ഇ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ/വി.എച്ച്.എസ്.ഇ അസിസ്റ്റന്റ് ഡയറക്ടർ/വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർ/ഉപജില്ലാ ഓഫീസർ മാർക്കും

*എല്ലാ മാസ്റ്റർ ട്രെയിനർ/ടെക്നിക്കൽ അസിസ്റ്റന്റുമാർക്കും*
*സ്റ്റോക്ക് ഫയൽ*